## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 481**
**29-11-2018-ലെ മറുപടിയ്ക്ക്**

### സാലറി ചലഞ്ചും സുപ്രിംകോടതി വിധിയും

| ചോദ്യം<br>ശ്രീ. വി.ഡി സതീശൻ | മറുപടി<br>ഡോ. ടി. എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| എ) ശമ്പളത്തിൽ നിന്ന് 10 ഗഡുക്കളായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്നതിനു സമ്മതം നൽകിയ ജീവനക്കാർക്ക് പുതിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സാലറി ചലഞ്ചിൽ നിന്നും പിന്മാറുന്നതിനുള്ള അവസരം നൽകിയിട്ടുണ്ടോ; | ശമ്പളത്തിൽ നിന്ന് 10 ഗഡുക്കളായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്നതിനു സമ്മതം നൽകിയ ജീവനക്കാർക്ക് പുതിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സാലറി ചലഞ്ചിൽ നിന്നും ഒക്ടോബർ മാസം പിന്മാറുന്നതിനുള്ള സംവിധാനം സ്പാർക്കിൽ ലഭ്യമാക്കിയിട്ടുണ്ട്.<br>പുതിയതായി സാലറി ചലഞ്ചിൽ പങ്കാളികളാകുന്നതിനും ക്രമീകരണമുണ്ട്. |
| ബി) ഉണ്ടെങ്കിൽ ഇതിനകം സാലറി ചലഞ്ചിൽ നിന്നും പിന്മാറിയിട്ടുള്ള ജീവനക്കാരുടെ എണ്ണം വ്യകതമാക്കുമോ; | പിൻമാറുകയും പുതിയതായി ചേരുകയും ചെയ്യുന്ന കണക്കുകൾ മാസാവസാനത്തിനു ശേഷമേ അന്തിമമാക്കാൻ കഴിയുകയുള്ളൂ. |
| സി) സാലറി ചലഞ്ചിൽ വിസമ്മതപത്രം നൽകാതെ ഒരു മാസത്തെ ശമ്പളം, ലീവ് സറണ്ടർ, ശമ്പളപരിഷ്ക്കരണ കുടിശ്ശിക എന്നിവയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകുന്നതിനു സന്നദ്ധത അറിയിച്ച ജീവനക്കാർക്ക് സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ അതിൽ നിന്നും പിൻവാങ്ങുന്നതിനു അനുവാദമുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള അവസരം നൽകുന്ന കാര്യം പരിഗണിക്കുമോ? | ലീവ് സറണ്ടർ, ശമ്പളപരിഷ്ക്കരണ കുടിശ്ശിക, എൻ.ആർ.എ എന്നിവ മുഖാന്തിരം ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന സ്വീകരിച്ചത് ജീവനക്കാരുടെ സമ്മതപ്രകാരമാണ്. ഇതു സംബന്ധമായ ഒരു പരാമർശവും കോടതി വിധിയിൽ ഉൾച്ചേർന്നിട്ടില്ല. ആകയാൽ, ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യേണ്ടതായിട്ടില്ല. |

30/11/18

സെക്ഷൻ ഓഫീസർ